# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 9, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിയമഭേദഗതി

*541 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് നിയമഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം മരങ്ങളാണ് മുറിച്ച് മാറ്റാവുന്നതെന്നും വ്യക്തമാക്കുമോ;

(സി) എന്ന് മുതൽക്കാണ് പട്ടയം ലഭിച്ച ഭൂമിയിൽ പ്രസ്തുത നിയമം പ്രയോഗത്തിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി റോഡുകളുടെ പരിശോധന</u>

*542 ശ്രീ. കെ. മുരളീധരൻ
'' എ.പി. അബ്ദുള്ളക്കുട്ടി
'' സണ്ണി ജോസഫ്
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പിയുടെ കീഴിലുള്ള റോഡ് നിർമ്മാണങ്ങളുടെ പരിശോധന നടത്തുവാൻ എന്തു സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; അറിയിക്കുമോ;

(ബി) ഇതിനായി വിദഗ്ദ്ധ കൺസൾട്ടൺസികളെ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തു നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ഭൂമിക്കടിയിൽ രൂപം കൊള്ളുന്ന വിള്ളലുകൾ സംബന്ധിച്ച് പഠനം</u>

*543 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിലും, സമീപ പ്രദേശങ്ങളിലും ഭൂമിക്കടിയിൽ വിള്ളലുകൾ രൂപം കൊള്ളുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് പഠിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിള്ളലുകൾ രൂപം കൊള്ളുന്നതിന്റെ സാഹചര്യവും അതുമൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളും എന്തൊക്കെയായിരിക്കും എന്നതു സംബന്ധിച്ച് വിദഗ്ദ്ധ അഭിപ്രായം ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നല്കാമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ</u>

*544 ശ്രീ. ചിറ്റയം ഗോപകുമാർ
'' ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ ക്ലബ്ബുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം വകുപ്പുകളുടെ സഹകരണം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്തുമാത്രം സഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ സഹായിക്കാൻ നടപടി</u>

*545 ശ്രീ. അൻവർ സാദത്ത്
'' ലൂഡി ലൂയിസ്
'' എം. എ. വാഹീദ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇതിനുള്ള ധനാഗമമാർഗ്ഗം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സംരംഭത്തിൽ സഹായത്തിനായി അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തെ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>അരിവിലയുടെ നിയന്ത്രണം</u>

*546 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ അരിവില കുതിയച്ചുയരുമ്പോൾ സർക്കാർ നിഷ്ക്രിയമായിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമെന്താണ്;

(ബി) സർക്കാർ വിപണിയിൽ ഇടപെടാറുണ്ടോ; ഇല്ലെങ്കിൽ അത് വിലവർദ്ധനവിന് കാരണമാകുന്നുണ്ടോ;

(സി) അരിവില കൂടിയപ്പോൾ മുൻസർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റ് വഴിയും സഹകരണ ചന്തകളിലൂടെയും വിലകുറച്ച് അരിനൽകി വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അരിവില നിയന്ത്രിക്കുന്നതിന് ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ</u>

*547 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകളിൽ ഈ അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിർദ്ധന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി കോഴ്സിന് ശേഷം തുടർവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന വിധത്തിൽ സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

## കായൽ കയ്യേറ്റം തടയാൻ നടപടി

*548 ശ്രീ. എം.എ. ബേബി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. സി.കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളിൽ നടക്കുന്ന കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കായലുകളിലാണ് ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ നടക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം കായലുകളുടെ വിസ്തൃതി കുറഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കായൽ കയ്യേറ്റങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) കായൽ കയ്യേറ്റങ്ങളുടെ പേരിൽ കേസുകൾ നിലവിലുണ്ടോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

പുതിയ സർക്കാർ, എയിഡഡ് അൺ എയിഡഡ് സ്കൂളുകൾ

*549 ഡോ. കെ. ടി. ജലീൽ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി സർക്കാർ സ്കൂളുകളും അൺ എയിഡഡ് സ്കൂളുകളും അനുവദിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അൺ എയിഡഡ് സ്കൂളുകളെ എയിഡഡ് ആക്കിയിട്ടുണ്ട്; എത്ര എയിഡഡ് സ്കൂളുകളെ സർക്കാർ സ്കൂളുകളാക്കിയിട്ടുണ്ട്; എത്ര സർക്കാർ സ്കൂളുകളെ എയിഡഡ് സ്കൂളുകളാക്കി; ഇത് ഏതൊക്കെ ജില്ലയിൽ എത്ര വീതം;

(സി) ഇത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ; അല്ലെങ്കിൽ സ്കൂളുകൾ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡമനുസരിച്ചാണ്; ഇതിനായി പ്രതിവർഷം സർക്കാരിന് ഉണ്ടാകുന്ന അധിക ചെലവ് എത്ര; വ്യക്തമാക്കാമോ;

(ഡി) എയിഡഡ് സ്കൂളുകൾക്കു വേണ്ടി സർക്കാരിന്റെ മുമ്പാകെ എത്ര അപേക്ഷകളുണ്ട്;

(ഇ) ഏര്യാ ഇന്റൻസീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ സംസ്ഥാനത്തു പ്രവർത്തിച്ചു വന്ന സ്കൂളുകളുടെ കാര്യത്തിൽ മന്ത്രിസഭ എടുത്ത തീരുമാനം എന്താണ്;

(എഫ്) ഇക്കാര്യത്തിൽ വിദ്യാഭ്യാസം ധനകാര്യം നിയമ വകുപ്പുകളുടെ അഭിപ്രായം എന്തായിരുന്നു; മന്ത്രിസഭാ യോഗത്തിനു ശേഷം മുഖ്യമന്ത്രി ഇക്കാര്യത്തിൽ നടത്തിയ പ്രസ്താവന എന്തായിരുന്നു;

(ജി) ഇതിനുവിരുദ്ധമായി പിന്നീട് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കൗമാര വിദ്യാഭ്യാസം</u>

*550 ശ്രീ. സി. പി. മുഹമ്മദ്
'' ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാര വിദ്യാഭ്യാസ പരിപോഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രത്യേക പരിഗണനയോടെയുള്ള പഠന പദ്ധതി തയ്യാറാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഈ പഠന പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

വിദ്യാർത്ഥികളിലെ അച്ചടക്കവും, ദേശസ്നേഹവും, സാമൂഹ്യബോധവും

*551 ശ്രീ. കെ. എൻ. എ. ഖാദർ
'' പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, സി.മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ അച്ചടക്കം, ദേശസ്നേഹം, സാമൂഹ്യബോധം എന്നിവ വളർത്താൻ ഉദ്ദേശിച്ച് സ്കൂൾ തലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ ;

(ബി) എൻ. സി. സി., എൻ. എസ്. എസ് എന്നിവ ഇക്കാര്യത്തിൽ എത്രത്തോളം സഹായകരമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിൽ വിദ്യാർത്ഥികളിൽ പുരോഗതിയുണ്ടാക്കാൻ പാഠപുസ്തകങ്ങളിൽ മാറ്റം ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ ; എങ്കിൽ അതു പരിശോധിക്കാൻ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി</u>

*552 ശ്രീ. കെ. അച്ചുതൻ
'' കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ഡി) ഏതെല്ലാം സ്കൂളുകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം
ഒഴിവാക്കാൻ നടപടി

*553 ശ്രീ. ഹൈബി ഈഡൻ
'' വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് നിയോഗിച്ച ഉപസമിതി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി നിയമഭേദഗതി നടത്തുന്നതിന് ആലോചിക്കുമോ ; എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ്</u>

*554 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
'' എം.വി.ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങുന്നതിന് അവലംബിച്ചിട്ടുള്ള മാർഗ്ഗം എന്താണ്; ഇത് കുറ്റമറ്റവിധം നടക്കുന്നുണ്ടോ; ഈ സംവിധാനം എന്നു മുതൽ പ്രാവർത്തികമായി; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇ-ടെൻഡർ സംവിധാനം നിലവിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ സൗകര്യങ്ങളും സുരക്ഷാ സംവിധാനവും</u>

*555 ശ്രീ. പി. കെ. ബഷീർ
'' റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാഹന ഇന്ധനവിതരണ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുമായ സൗകര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വാഹനങ്ങൾക്ക് എൽ.പി.ജി. ഇന്ധനം നല്കുന്ന പമ്പുകളിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനമെന്തെന്ന് വ്യക്തമാക്കുമോ;

(സി) പമ്പുകളിൽ ഉപഭോക്താക്കൾക്ക് സൗജന്യമായി നല്കേണ്ട വെള്ളം, ഏയർ എന്നിവയ്ക്കുള്ള സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 09.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപകരുടെ ക്ലസ്റ്റർ പരിശീലനങ്ങൾ</u>

*556 ശ്രീ. കെ. അജിത്
'' സി. ദിവാകരൻ
,, കെ. രാജു
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകർക്ക് നൽകി വന്നിരുന്ന ക്ലസ്റ്റർ പരിശീലനങ്ങളും അവധിക്കാല പരിശീലനങ്ങളും നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർത്തലാക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപകരുടെ വ്യക്തിത്വ വികസനത്തിനുള്ള പരിശീലനങ്ങൾ നൽകാൻ കോർപ്പറേറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതെല്ലാം?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കയർ മേഖലയിലെ പ്രതിസന്ധി</u>

*557 ശ്രീ. സി. കെ. സദാശിവൻ
'' ജി. സുധാകരൻ
,, കെ. ദാസൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർപിരി-കയർ ഫാക്ടറി മേഖലയിലെ സ്തംഭനാവസ്ഥ മൂലം കയർ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചകിരിക്ഷാമവും, തൊഴിലാളികളുടെ കൊഴിഞ്ഞു പോക്കും കയർ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കയർപിരിമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രി ആലപ്പുഴയിൽ വച്ച് പ്രസ്താവിച്ചത് ഇതുവരെ നടപ്പാക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കയർ തൊഴിലാളിക്ഷേമ ബോർഡിന്റെ പ്രവർത്തനം മോശമായതിനാൽ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാകാത്തത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി ഏകീകരണം

*558 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി എകീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതുകൊണ്ടുളള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഹയർസെക്കണ്ടറി പാഠ്യപദ്ധതി

*559 ശ്രീ. എം. പി. വിൻസെന്റ്
'' ആർ. സെൽവരാജ്
'' ലൂഡി ലൂയിസ്
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏത് രീതിയിലാണ് പാഠ്യപദ്ധതി പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി കരിക്കുലം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) പുതുക്കിയ പാഠ്യപദ്ധതി നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>പുതിയ വില്ലേജുകളുടെ രൂപീകരണം</u>

*560 ശ്രീ. എ. റ്റി. ജോർജ്
'' പാലോട് രവി
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതു നയത്തിന്റെ ഭാഗമായാണ് പുതിയ വില്ലേജുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാരിന്റെ ഏരിയാ ഇന്റൻസീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാം</u>

*561 ശ്രീ. എ. കെ. ബാലൻ
ഡോ: കെ. ടി. ജലീൽ
ശ്രീ. എ. പ്രദീപ്കുമാർ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഏരിയാ ഇന്റൻസീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട സ്കൂളുകളുടെ ഭാവിപ്രവർത്തനം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ; ഈ സ്കൂളുകളുടെ പ്രവർത്തനവും ആവശ്യകതയും സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) കേന്ദ്ര സർക്കാർ ഈ പ്രോഗ്രാമിൻ കീഴിൽ കേരളത്തിലെ നോൺ ഗവൺമെണ്ട് ഓർഗനൈസേഷനുകൾക്ക് ഓരോന്നിനും നാളിതുവരെ വിവിധ ഇനത്തിൽ നൽകിയ ഗ്രാന്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; അല്ലാതെ ലഭിച്ച സഹായങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഓർഗനൈസേഷൻ നടത്തിവരുന്ന ഓരോ സ്കൂളിലും എത്ര അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും ഇപ്പോൾ ഏതെല്ലാം ഡിവിഷനുകളിൽ എത്ര വീതം വിദ്യാർത്ഥികളാണന്നതടക്കമുളള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കേന്ദ്ര സഹായം അവസാനിക്കുമ്പോൾ ഈ ഇൻസ്റ്റിറ്റ്യൂഷനുകളുടെ ഭാവി സംബന്ധിച്ച് പ്രോഗ്രാം അനുശാസിക്കുന്നത് എന്താണ് ; കേന്ദ്രഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ നവീകരണം</u>

*562 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ അന്തർദേശീയ നിലവാരത്തിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റേഷൻ ഗോതമ്പ്</u>

*563 ശ്രീ. കെ. കെ. നാരായണൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ഗോതമ്പ് വിതരണം നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ഒരു നീക്കം സംസ്ഥാനത്തെ സാധാരണ ജനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

കരമന – കളിയിക്കാവിള ദേശീയപാത വികസനം

*564 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, വി. ശിവന്‍കുട്ടി
,, ബി സത്യന്‍
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൈവേ റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തില്‍ 2010 ഒക്ടോബറില്‍ കരമന – കളിയിക്കാവിള ദേശീയപാതാ വികസനത്തിന് ആരംഭിച്ച ഭൂമി ഏറ്റെടുക്കല്‍ നടപടി നിര്‍ത്തി വച്ചിരിക്കുകയാണോ ;

(ബി) ഇത് നിര്‍ത്തിവയ്ക്കാനുള്ള കാരണം വിശദമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് പുതിയ വിജ്ഞാപനം പുറത്തിറക്കേണ്ടതുണ്ടോ; നടപടികള്‍ എന്ന് പൂര്‍ത്തിയാക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി</u>

*565 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്യുക വഴി എന്ത് തുകയുടെ അധിക ബാധ്യതയാണ് നാളിതുവരെ സർക്കാരിന് ഉണ്ടായിട്ടുള്ളത്;

(ബി) ഈ ഇനത്തിൽ പ്രതിവർഷം ഖജനാവിൽ നിന്ന് ചെലവഴിക്കപ്പെടേണ്ട തുക എത്രയാണ്;

(സി) കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകുന്ന ബൃഹത്തായ പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>റേഷന്‍ ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ</u>

*566 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാന്‍ ക്വാളിറ്റി സെല്ലിന്റെ സഹായത്തോടെ റേഷനിംഗ് ഇന്‍സ്പെക്ടര്‍മാര്‍ക്ക് പരിശീലനം നല്‍കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഇക്കാര്യത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ നടപടി

*567 ശ്രീ. എളമരം കരീം
,, കെ.കെ.നാരായണൻ
പ്രൊഫ: സി.രവീന്ദ്രനാഥ്
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പിനുമെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾക്ക് നാൾക്കുനാൾ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ കരിഞ്ചന്തയും പൂഴ്ത്തവയ്പും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി അറിവുണ്ടോ ;

(സി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും നിയന്ത്രിക്കുന്നതിനുള്ള സംവിധാനം എന്താണ് ; ഈ സംവിധാനം വഴി ഈ സർക്കാരിന്റെ കാലത്ത് എത്ര പൂഴ്ത്തിവയ്പുകളും കരിഞ്ചന്ത വില്പനയും കണ്ടുപിടിക്കുകയുണ്ടായി ; എത്ര പേരെ ശിക്ഷിക്കുകയുണ്ടായി ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സ്കൂൾ അദ്ധ്യയന ദിവസങ്ങൾ</u>

*568 ശ്രീ. റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. രാജേഷ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അദ്ധ്യയന ദിവസങ്ങൾ സംബന്ധിച്ച്, ക്വാളിറ്റി ഇംപ്രൂവ്മെന്റ് സമിതി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(ബി) ഇവ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; സാധ്യായ ദിവസങ്ങളുടെ എണ്ണം സംബന്ധിച്ച കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ എന്താണ്;

(സി) അദ്ധ്യാപക സംഘടനകളുമായി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ; സാധ്യായ ദിവസങ്ങൾ സംബന്ധിച്ച അന്തിമമായ തീരുമാനം വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

+

ഒന്നാം ക്ലാസ് പ്രവേശനം നേടിയ കുട്ടികൾ

*569 ശ്രീമതി കെ. കെ. ലതിക
'' പി. അയിഷാപോറ്റി
ശ്രീ. എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ ഈ വർഷം ഒന്നാം ക്ലാസ് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) എയിഡഡ് അൺ എയിഡഡ് സ്കൂളുകളിൽ ഈ കാലയളവിൽ എത്ര കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്;

(സി) സർക്കാർ സ്കൂളുകളിൽ പ്രവേശനത്തിനുണ്ടായ കുറവിന് കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തി അവയുടെ നിലനില്പിനുതകുംവിധമുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കടകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി</u>

*570 ശ്രീ. സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ഐ.സി. ബാലകൃഷ്ണൻ
'' വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്നുള്ളത് നിർബന്ധമാക്കാൻ എന്തെല്ലാംനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇവ പരിശോധിക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ജില്ലാ, സംസ്ഥാനതലങ്ങളിൽ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഇത്തരം സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 30.